പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6201 — 20/11/2019 ൽ മറുപടിക്ക്

**ലൈവ് സ്റ്റോക്ക് മിഷന്റെ കീഴിലുള്ള പദ്ധതികൾ**

ചോദ്യം

ശ്രീ.വി.ഡി.സതീശൻ

മറുപടി

അഡ്വ .കെ.രാജു (വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി).

| | | | |
|---|---|---|---|
| എ) | ലൈവ് സ്റ്റോക്ക് മിഷന്റെ കീഴിൽ കർഷകർക്ക് ജീവനോപാധി നൽകുന്ന പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | എ) | നാഷണൽ ലൈവ് സ്റ്റോക്ക് മിഷന്റെ കീഴിൽ കർഷകർക്ക് ജീവനോപാധി നൽകുന്ന പദ്ധതിയായ പിന്നാമ്പുറ ആട്ടു വളർത്തൽ പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ട്.<br>പദ്ധതിക്ക് **2019-20** സാമ്പത്തിക വർഷത്തിൽ കേന്ദ്രത്തിൽ നിന്നും **633.60** ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. **1600** ഗുണഭോക്താക്കൾക്ക് **10** പെണ്ണാട്ടും ഒരു മുട്ടനാട്ടും അടങ്ങുന്ന യൂണിറ്റ് സ്ഥാപിക്കുന്നതിനാണ് പദ്ധതി മുഖേന ധനസഹായം നൽകുന്നത്. ഒരു യൂണിറ്റിന്റെ പദ്ധതി ചെലവ് **₹66,000** ആയി നിജപ്പെടുത്തിയിട്ടുണ്ട്. **60:30:10** എന്ന അനുപാതത്തിലാണ് (കേന്ദ്രം - **60%,** സംസ്ഥാനം **-30%,** ഗുണഭോക്തൃ വിഹിതം **-10%)** പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. കേന്ദ്ര വിഹിതമായി ഒരു യൂണിറ്റിന് **39,600** രൂപയും സംസ്ഥാന വിഹിതമായി **19,800** രൂപയും ചേർത്ത് **59,400** രൂപയാണ് സർക്കാർ സഹായമായി ഗുണഭോക്താക്കൾക്ക് ലഭിക്കുന്നത്. ഗുണഭോക്തൃ വിഹിതമായി **6600** രൂപയാണ് ഗുണഭോക്താവ് വഹിക്കേണ്ടത്. |
| ബി) | ആട്ടുവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി കൊമേഴ്സ്യൽ ഗോട്ടറി പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ? | ബി) | ആട്ടു വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി 2018-19 മുതൽ പുതിയ പദ്ധതിയായ അനിമൽ റിസോഴ്സ് ഡവലപ്പ്മെന്റിന്റെ കീഴിൽ കൊമേഴ്സ്യൽ ഗോട്ടറി യൂണിറ്റ് എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. 19 പെണ്ണാട്ടും ഒരു ആണാട്ടും അടങ്ങിയ ഒരു യൂണിറ്റിന് 1,00,000 രൂപ വീതം കർഷകന് ധനസഹായം നൽകുന്നു. 2019-20 ൽ 191 യൂണിറ്റിന് തുക അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ